**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 863** **10-06-2021 - ൽ മറുപടിയ്ക്ക്**

**വിനോദസഞ്ചാര മേഖലയിലെ പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ . ഷംസുദ്ദീൻ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. ടി. വി. ഇബ്രാഹിം** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കോവിഡ് വ്യാപനം മൂലം വിനോദസഞ്ചാര മേഖല വൻ പ്രതിസന്ധിയിലൂടെ കടന്നുപോകുന്നതു സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ടൂറിസം മേഖലയ്ക്കുവേണ്ടി പ്രത്യേക പാക്കേജ് ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | പ്രത്യേക പാക്കേജ് നടപ്പിലാക്കുവാനായി 2021-22 വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ 30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പാക്കേജിന്റെ വിശദാംശങ്ങൾ തയ്യാറായി വരുന്നു. |
| (സി) | പിന്നോക്കാവസ്ഥയിലുള്ള മലബാർ പ്രദേശത്തിന്റെ ടൂറിസം വികസനത്തിനായി പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുമോ? | (സി) | മലബാർ ടൂറിസം വികസനം ലക്ഷ്യം വെച്ച് കോഴിക്കോട്, കണ്ണൂർ, വയനാട് എന്നീ ജില്ലകളിലെ പൈതൃക കേന്ദ്രങ്ങൾ കോർത്തിണക്കിക്കൊണ്ടുള്ള തലശ്ശേരി ഹെറിറ്റേജ് പദ്ധതി, ധർമ്മടം - മുഴപ്പിലങ്ങാട് ബീച്ചിന്റെ സമഗ്ര വികസനം, കണ്ണൂർ കാസർഗോഡ് ജില്ലകളിലെ നദികളിലൂടെയുള്ള നോർത്ത് മലബാർ റിവർ ക്രൂയിസ് പദ്ധതി എന്നിവ നടപ്പിലാക്കി വരുന്നു. ഇതോടൊപ്പം ഈ സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച മലബാർ ലിറ്ററി സർക്യൂട്ട് എന്ന പദ്ധതിയും നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ